ശ്രീ. കെ. പി. പ്രഭാകരൻ: അതെപ്പറ്റി പൂർണ്ണമായ ഒരു തീരുമാനമെടുത്തിട്ടില്ല. ഇപ്പോഴത്തെ തൽക്കാലം, നിലവിലുള്ള ഡ്രഗ്സ് കൺട്രോളറുടെ കീഴിൽത്തന്നെ ആയുർവ്വേദത്തിന് സെപ്പറേറ്റായി ഒരു വിംഗ് തുടങ്ങാൻ തീരുമാനിച്ചു. ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ മൂന്നു മേഖലാ ഇൻസ്പെക്ടർമാരെ വച്ച് പ്രത്യേകമായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്".

ഡോ: കെ. സി. ജോസഫ്: ഈ ആക്ട് നിലവിൽവരണമെങ്കിൽ ട്രാവൻകൂർ–കൊച്ചിൻ മേഖലയിലുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ മലബാർ ഏരിയായ്ക്ക് കൂടി എക്സ്റ്റൻഡ് ചെയ്യണമെന്നുള്ളതാണ് ശുപാർശ. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസാക്കിയിട്ടും അനുമതി ലഭിക്കാതെയിരിക്കുന്ന ഈ സന്ദർഭത്തിൽ കേന്ദ്രത്തിന്റെ ശുപാർശകൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ അവതരിപ്പിച്ച് പാസാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: പ്രസിഡന്റിന്റെ നിർദ്ദേശമനുസരിച്ച് ആവശ്യമായ ഭേദഗതികളോടുകൂടി ഈ നിയമസഭയിൽത്തന്നെ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നുണ്ട്, കഴിയുന്നതും വേഗത്തിൽ കൊണ്ടുവരാം.

ശ്രീ. ഇ. പി. ഗോപാലൻ: ആയുർവ്വേദത്തിനുമാത്രമായി ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റുണ്ടാക്കുന്നതിൽ എന്താണിത്ര വൈഷമ്യം? നിലവിലുള്ള ഡിപ്പാർട്ടുമെന്റിന്റെ എതിർപ്പാണോ വേറെ ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കാനുള്ള തടസ്സമായി നിൽക്കുന്നത്?

ശ്രീ. കെ. പി. പ്രഭാകരൻ: ഓരോന്നിനും സെപ്പറേറ്റ് ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കണമെങ്കിൽ അതിനാവശ്യമായ സ്റ്റാഫും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസുമൊക്കെ വേണ്ടിവരും. രണ്ടാമത് അങ്ങനെ സെപ്പറേറ്റാക്കേണ്ട ആവശ്യമില്ല. ഗവൺമെന്റ് നിശ്ചയിക്കുന്ന നിശ്ചിതപരീക്ഷായോഗ്യതയുള്ളവരെത്തന്നെയാണ് ആയുർവ്വേദത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരായി നിയമിക്കുന്നത്.

ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും അനുപാതം

* 804 [873] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-78 വർഷത്തിൽ കേരളത്തിൽ എത്ര പേർക്കാണ് ഒരു ഡോക്ടർ ഉള്ളത്;

(ബി) എത്രപേർക്കാണ് ഒരു നേഴ്സ് ഉള്ളത്;

(സി) ഇത് ഇൻഡ്യയുടെ മൊത്തത്തിലുള്ള അനുപാതത്തിനെക്കാൾ കൂടുതലോ, കുറവോ;

(ഡി) ഇൻഡ്യയുടെ മൊത്തത്തിലുള്ള അനുപാതം എത്ര?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇത് സംബന്ധിച്ച് 1977–ലെ കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. 1977-ൽ കേരളത്തിൽ 2385 പേർക്ക് ഒരു ഡോക്ടർവീതമാണുണ്ടായിരുന്നത്.

(ബി) 2877 പേർക്കാണ് ഒരു നേഴ്സ് ഉള്ളത്.

(സി) കൂടുതലാണ്.

(ഡി) 2454 പേർക്ക് ഒരു ഡോക്ടർ വീതവും 4832 പേർക്ക് ഒരു നേഴ്സ് വീതവുമാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സൈറോളജി ലബോറട്ടറി

805 & *806 [874] ശ്രീ. കെ. ടി. കുമാരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാശുപത്രികളോടനുബന്ധിച്ച് സൈറോളജി ലാബറട്ടറി നിലവിലുണ്ടോ;

(ബി) എല്ലാ ജില്ലാ ആശുപത്രികളിലും സൈറോളജി ലാബറട്ടറി ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് വല്ല നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്ത് ഓഫീസുകളിലെ നിയമനങ്ങൾ

*807 [875] ശ്രീ. കല്ലട നാരായണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഓഫീസുകളിലേക്ക് 1978 ഏപ്രിൽ മാസത്തിനു മുൻപ് നിയമനങ്ങൾ നടത്തിയിരുന്നപ്പോൾ സംവരണതത്വം പാലിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) 1978 ഏപ്രിലിനുശേഷം പഞ്ചായത്തുകളിലെ നിയമനങ്ങൾ പി. എസ്. സി. വഴിയാണോ നടത്തിയിട്ടുള്ളത്;

(ഡി) എങ്കിൽ എത്രപേരെ ഇതിനകം നിയമിച്ചു?

LIBRARY ARCHIVES Kerala Legislative Assembly